# ഇന്ത്യാ – അമേരിക്ക സൗഹൃദം: മുസ്ലീങ്ങൾ കരുതിയിരിക്കുക

പണ്ട്, മരുമകൾ അപഥസഞ്ചാരം ചെയ്യുന്നുണ്ടോ എന്ന സംശയം തോന്നിയപ്പോൾ അമ്മാവൻ വിവാഹം കഴിച്ച് ഒരു അമ്മായിയെ കൊണ്ടുവന്നു - മരുമകൾക്ക് നല്ലശീലവും നല്ലവഴിയും കാട്ടികൊടുക്കാനും തെറ്റായ വഴിക്ക് പോകുന്നതു തടയാനും. പക്ഷെ, പുതിയമ്മായി വന്നതോടെ മരുമകൾ രഹസ്യമായി ചെയ്തിരുന്നത് അമ്മായിയും കൂടി ചേർന്ന് ബിസിനസ്സാക്കി വിപുലപ്പെടുത്തിയത്രെ - ഒരു പഴയ കഥയാണ്.

ആ കഥയിലെ അമ്മാവൻെറ അവസ്ഥയിലാണ് ഇന്ത്യൻ ജനത ഇപ്പോൾ. മുമ്പു ഭരിച്ചിരുന്നവരൊക്കെ തറവാട്ടുസത്ത് പാട്ടമായും പണയമായും തീറായും അന്യാധീനപ്പെടുത്തുന്നു, ഭരണം ഞങ്ങളെയേൽപിച്ചാൽ പുറത്തുനിന്നും ഒരു പുളിയുറുമ്പുപോലും കയറാതെ ഞങ്ങൾ തറവാട് സംരക്ഷിച്ചുകൊള്ളാം എന്നു പറഞ്ഞ് അധികാരമേറ്റെടുത്തവർ, തറവാട് മൊത്തം വിദേശ താല്പര്യങ്ങൾക്ക് തീറെഴുതികൊടുത്ത് കമ്മീഷൻ പറ്റുന്നതു കാണുമ്പോൾ, വേലിയിൽ കിടന്ന പാമ്പിനെയെടുത്ത് കോണോനാക്കിയവൻെറ വിമ്മിട്ടത്തിലാണ് ജനം.

ആഗോളവൽക്കരണം എന്നു വെച്ചാൽ നമ്മുടെ 'വസുധൈവകുടുംബകം' തന്നെയാണെന്നും, ബിൽ ക്ലിൻറൺ സാക്ഷാൽ ബാലകൃഷ്ണനാണെന്നും വ്യാഖ്യാനിക്കുന്നിടം വരെ കാര്യങ്ങൾ എത്തിയിരിക്കുന്നു.

'അങ്ങ് കുനിയാൻ പറഞ്ഞാൽ ഞങ്ങൾ ഇഴയും, അതാണ് ഞങ്ങളുടെ വിനയം' എന്ന മട്ടിലാണ് നമ്മുടെ ഭരണകൂടത്തിൻെറ സമീപനം. ക്ലിൻറൻെറ പഞ്ചദിന ഭാരത സന്ദർശനത്തിന് കേന്ദ്രം വരവേൽപ്പു നൽകിയത് റേഷനരി വാങ്ങിക്കഴിക്കുന്നത് പഴഞ്ചൻ പരിപാടിയാണെന്നു പറഞ്ഞ് ആ പരിപാടിയെ അവസാനിപ്പിക്കാൻ തീരുമാനിച്ചും പാചകവാതകത്തിൻെറയും മണ്ണെണ്ണയുടേയും വില റെക്കോർഡ് നിലവാരത്തിൽ ഉയർത്തിയുമാണല്ലോ.

പുതിയ ഇന്ത്യാ - അമേരിക്ക ബന്ധങ്ങൾ ബിജെപിയുടെ ആഭ്യന്തര രാഷ്ട്രീയ തന്ത്രങ്ങളെയും മാറ്റിമറിക്കുവാൻ നിർബന്ധിതമാക്കിയിരിക്കയാണ്.

ബിജെപി യുടെ പ്രഖ്യാപിത ശത്രുനിരയിൽ നിന്ന് ക്രിസ്തുമതക്കാരെ ഒഴിവാക്കാതെ ഇനി നിവൃത്തിയില്ല. (2000-ാമാണ്ട് ക്രിസ്തുവർഷമായി ആചരിക്കാൻ വാജ്പേയി മാനവശേഷി മന്ത്രാലയത്തിന് നിർദ്ദേശം പോലും നൽകിയതാണ്. പക്ഷെ, ആർ.എസ്.എസ്. അനുകൂലികളുടെ ശക്തമായ ഭീഷണിക്കു മുന്നിൽ ആ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു.

ബിജെപിക്ക് നാല് വോട്ട് കിട്ടുന്നത് നാടു ഭരിക്കുന്നതിൻെറ മെച്ചം കൊണ്ടല്ലെന്നും ഹൈന്ദവ വികാരത്തെ കീറി ഉപ്പുതേപ്പിച്ച് നിർത്തുന്നതുകൊണ്ടാണെന്നും പാർട്ടിക്കറിയാം. ഹൈന്ദവ വികാരത്തെ ഉണർത്തണമെങ്കിൽ 'ഹിന്ദുവിൻെറ ശത്രു' എന്നു പറയാനൊരു വിഭാഗത്തെ ചൂണ്ടിക്കാണിക്കാൻ സാധിക്കണം. ഇപ്പോൾ ക്രിസ്ത്യാനികളും മുസ്ലിങ്ങളും ആ നിലയിലാണ്.

ശത്രു ക്രിസ്ത്യാനികൾക്കെതിരെയുള്ള നീക്കങ്ങൾ പെട്ടെന്ന് മയപ്പെടുത്തിയാൽ അണികൾ പാർട്ടിയുടെ ഹിന്ദു ആത്മാർത്ഥതയെ സംശയിച്ചേക്കാം. അതുകൊണ്ട്, ക്രിസ്ത്യാനികളോട് മൃദുല സമീപനം സ്വീകരിക്കുന്നതോടൊപ്പം മുസ്ലീങ്ങൾക്കെതിരെയുള്ള പ്രചരണത്തിന് ശക്തികൂട്ടി അണികളെ പൊടിയിടുകയാണ് രാഷ്ട്രീയതന്ത്രം.

അമേരിക്കക്കാവട്ടെ ആഗോളതലത്തിൽ തന്നെ മുസ്ലീം രാഷ്ട്രങ്ങൾ ശത്രുനിരയിലാണ്. പാക്കിസ്ഥാനോട് കാണിക്കുന്ന മൃദുലസമീപനം ഒരു അപവാദം



സുധീർ

മാത്രമാണ്. ഇന്ത്യയെ വരുതിക്കു കിട്ടുമെങ്കിൽ പാക്കിസ്ഥാനെ തള്ളിപ്പറയാൻ അമേരിക്ക തയ്യാറാവും. അമേരിക്കൻ നേതൃത്വത്തിൽ നടക്കുന്ന ആഗോളവൽക്കരണം എന്ന പാശ്ചാത്യവൽക്കരണത്തിനെതിരെ ചുണയോടെ എതിരു നിൽക്കുക മുസ്ലീം രാഷ്ട്രലോബിയായിരിക്കുമെന്നും ഇന്നല്ലെങ്കിൽ നാളെ മുസ്ലീം രാഷ്ട്രങ്ങൾ ഐക്യപ്പെട്ട് അമേരിക്കൻ മേധാവിത്വത്തിനെതിരെ നീങ്ങുമെന്നും അമേരിക്ക ഭയപ്പെടുന്നു. ഈ അവസരത്തിൽ ഹിന്ദു രാഷ്ട്രങ്ങളുടെ പിന്തുണ അമേരിക്കക്കായിരിക്കണമെന്നും അമേരിക്ക ആഗ്രഹിക്കുന്നു.

അതുകൊണ്ട് 'പാക്കിസ്ഥാൻ ഇന്ത്യയുടെ ശത്രു', 'മുസ്ലീങ്ങൾ ഹിന്ദുവിൻെറ ശത്രു' എന്ന മുദ്രാവാക്യ പരിസരം സൃഷ്ടിച്ചുകൊണ്ട് ബിജെപി നടത്താൻ പോകുന്ന നീക്കങ്ങളെ അമേരിക്ക അണിയറയിൽ നിന്നു പിന്തുണക്കുമെന്നു വേണം മനസ്സിലാക്കാൻ.

എന്തായാലും, ക്ലിൻറൻെറ ഇന്ത്യാ സന്ദർശനം ഇന്ത്യൻ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമായ ഒരു ചരിത്രസംഭവമാവാൻ പോവുകയാണ്.

## ഉൾപ്പേജുകളിൽ


അതിരപ്പിള്ളിയിൽ ടൂറിസം വിളയുന്നു 3

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഒരു മാതൃക 2

പരിസ്ഥിതി: അമേരിക്ക കച്ചവടമാക്കുന്നു 6

മാവൂർ രേഖകൾ 6

ടൈറ്റാനിയവും പൂട്ടേണ്ടി വരുമോ? 5

ഓട്ടുകമ്പനികളും പ്രാദേശിക ജനങ്ങളും ഏറ്റുമുട്ടുന്നു 3

സിവിൽ നിയമ പരിഷ്കാരങ്ങൾ : ആഗോളവത്ക്കരണത്തിൻെറ ഭാഗമോ? 2

അമേരിക്ക മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നു 2